# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1074**

10.08.2017-ൽ മറുപടിക്ക്

## ചെങ്ങന്നൂർ കല്ലാലക്കടവ്-വഴപാടിക്കടവ്-മരത്തിൻകടവ് പാലം നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചീഫ് എഞ്ചിനീയറിൽ (ആർ&ബി) നിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് ലഭിക്കുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെടുന്നുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച വിവിധ പാലങ്ങളുടെ (കല്ലാലക്കടവ്, വഴപാടിക്കടവ്, മരത്തിൻ കടവ്) നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും ഡി1/173/17-ാം നമ്പർ ഫയൽ പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദീകരിക്കുമോ; | (ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച കല്ലാലക്കടവ്, വഴപാടിക്കടവ്, മരത്തിൻ കടവ് എന്നീ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും ഡി1/173/16/PWD നമ്പർ ഫയൽ പ്രകാരം റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. സർക്കാർ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് ആലപ്പുഴ നിരത്തുകളും പാലങ്ങളും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നാളിതുവരെ ചീഫ് എഞ്ചിനീയർക്ക് (നിരത്തുകളും പാലങ്ങളും) നൽകിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ ചീഫ് എഞ്ചിനീയർ മുഖാന്തിരം സർക്കാരിനു ലഭ്യമായാൽ മാത്രമേ ഈ പ്രവൃത്തി സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. സർക്കാർ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

(സി) **1. കല്ലാലക്കടവ് പാലം നിർമ്മാണം (ശരിയായ പേര് -കയ്യാല കടവ്)**

04.03.2016 -ലെ G.O (Rt) No. 586/2016/PWD പ്രകാരം 1200 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരം വർക്ക് ടെണ്ടർ ചെയ്യുന്നതിന് മുൻപായി സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഇപ്രകാരം അനുമതി ലഭിക്കുന്നതിനായി 30.11.2016 തീയതിയായി സർക്കാരിൽ സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേലാണ് വിശദീകരണം ചോദിച്ചിരുന്നത്. ഡിസൈൻ വിഭാഗത്തിൽ നിന്നും ടെന്റേറ്റീവ് ഡിസൈൻ അംഗീകരിച്ചിട്ടുണ്ട്. സാധ്യതാ പഠന റിപ്പോർട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ആകുന്ന മുറയ്ക്ക് മാത്രമേ പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിക്കാൻ കഴിയുകയുള്ളൂ.

**2. വഴപാടിക്കടവ് പാലം നിർമ്മാണം (ശരിയായ പേര് -വഴവാടിക്കടവ്)**

04.03.2016 -ലെ G.O (Rt) No. 588/2016/PWD പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി ഉത്തരവിൽ വർക്ക് ടെണ്ടർ ചെയ്യുന്നതിന് മുൻപായി സർക്കാരിൽ നിന്ന് അനുമതി വാങ്ങണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത പാലത്തിന്റെ പുതുക്കിയ അലൈൻമെന്റ് പ്ലാൻ അംഗീകാരത്തിനായി ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. അംഗീകാരം എത്രയും വേഗം നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കല്ലുകൾ സ്ഥാപിച്ച് സ്ഥലം അളന്ന് തിട്ടപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ആയാൽ മാത്രമേ പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**3. മരത്തിൻ കടവ് പാലം നിർമ്മാണം (ശരിയായ പേര് -മാത്തിൽ കടവ്)**

04.03.2016 -ലെ G.O (Rt) No. 585/2016/PWD പ്രകാരം 600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ മണ്ണ് പരിശോധന റിപ്പോർട്ട് ഡിസൈൻ വിംഗിൽ സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്നതോടു കൂടിയേ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. ടി സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ ചെയ്യുന്നതിന് മുൻപായി സർക്കാരിൽ നിന്ന് അനുമതി നൽകേണ്ടതുണ്ട്. സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ആകുന്ന മുറക്ക് മാത്രമേ പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

S. Bindu

സെക്ഷൻ ഓഫീസർ